പണ്ഡിതരാജൻ ഡി. ദാമോദര പിഷാരടി
മെമ്മോറിയൽ റോളിംഗ് ട്രോഫിക്ക് വേണ്ടി

# സംസ്ഥാനതലത്തിൽ നടത്തുന്ന
# സംസ്കൃത പദ്യോച്ചാരണ മത്സരം
# എച്ച്. ഗോപാലകൃഷ്ണ അയ്യർ മെമ്മോറിയൽ
# റോളിങ് ട്രോഫിക്ക് വേണ്ടിയുള്ള
# സംസ്കൃത പ്രശ്നോത്തരീമത്സരം
# (പുതുക്കിയ പാഠഭാഗങ്ങളോടു കൂടിയത്)

എല്ലാവർഷവും ഡിസംബർ 26–ാം തീയതി

**ഗവ. സംസ്കൃത കോളേജ് കമ്മിറ്റി**
**തൃപ്പൂണിത്തുറ**
**കേരളം**
**2016**

email: govsktclgtpra@gmail.com
website: www.govtsanskritcollegetripunithura.edu.in
Phone: 0484-2777444

# സംസ്കൃത പ്രശ്നോത്തരി

## നിയമാവലി

I. ക്വിസ് മത്സരത്തിന്റെ പേര് സംസ്കൃത പ്രശ്നോത്തരി എന്നായിരിക്കും. ഇതിന്റെ ലക്ഷ്യം സ്കൂൾ വിദ്യാർത്ഥികളെ സംസ്കൃതപഠനത്തിൽ തത്പരരാക്കുക എന്നതാണ്.

II. പ്രവേശനം

1. കേരളത്തിലെ കേന്ദ്രീയവിദ്യാലയങ്ങളുൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലേയും 6 മുതൽ 10 വരെ ക്ലാസ്സുകളിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാം. പ്രവേശനം ആഗ്രഹിക്കുന്നവർ പ്രധാനാധ്യാപകൻ മുഖേന ഡിസംബർ 10 -ാം തീയതിക്കു മുമ്പായി കോളേജ് പ്രിൻസിപ്പാളിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.
2. ഓരോ വിദ്യാലയത്തിനും ഒരു ക്ലാസ്സിൽ നിന്നും ഒരു വിദ്യാർത്ഥിയെ വീതം മത്സരത്തിന് അയയ്ക്കാം. പദ്യോച്ചാരണത്തിൽ പങ്കെടുക്കുന്നവർക്കും പ്രശ്നോത്തരിയിൽ പങ്കെടുക്കാം.
3. വിദ്യാലയത്തിൽ നിന്ന് തൃപ്പൂണിത്തുറയിലേക്കും തിരിച്ചുമുള്ള രണ്ടാം ക്ലാസ്സ് റെയിൽവേ/ ബസ്സ് ചാർജ്ജ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്. രണ്ട് മത്സരങ്ങളിലും ഒരു വിദ്യാർത്ഥി തന്നെ പങ്കെടുക്കുമ്പോൾ വെവ്വേറെ യാത്രാച്ചെലവ് കണക്കാക്കുന്നതല്ല. വിദ്യാർത്ഥിയെ നയിക്കുന്ന അദ്ധ്യാപകന് നിയമാനുസൃതമായ ടി.എ/ഡിഎ ലഭിക്കുന്നതാണ്.
4. പദ്യോച്ചാരണം ഡിസംബർ 26 ന് രാവിലെ 9.30 മുതൽ 12.30 വരെയും പ്രശ്നോത്തരി ഉച്ചതിരിഞ്ഞ് 1.30 മുതൽ 4 വരെയും നടക്കുന്നതാണ്.

III വിഷയവിഭജനം

പ്രശ്നോത്തരിയിൽ എ ബി എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ഉണ്ടായിരിക്കും.

ആകെ മാർക്ക് 100.

എ വിഭാഗം

1. **പൊതു വിജ്ഞാനം** മാർക്ക് 15x2 =30

**ഉപവിഭാഗങ്ങൾ**

സമകാലിക വാർത്തകൾ മലയാളസാഹിത്യം

കായികരംഗം സിനിമ

ചരിത്രം ശാസ്ത്രം

2. **സംസ്കൃഭാഷയും സാഹിത്യവും**

**ഉപവിഭാഗങ്ങൾ**

വൈദികസാഹിത്യം ഇതിഹാസപുരാണങ്ങൾ

കാവ്യനാടകങ്ങൾ ശങ്കരാചാര്യർ

ശ്രീനാരായണഗുരു മേല്പുത്തൂർ

പ്രാഥമികസംസ്കൃതവ്യാകരണം

3. തൃപ്പൂണിത്തുറ സംസ്കൃതകോളേജിനെപ്പറ്റിയുള്ള വിവരങ്ങൾ.

മാർക്ക് 2 x2½ =5)

**ബി വിഭാഗം**

മിന്നൽ ചോദ്യങ്ങൾ (Rapid questions)

എ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് കൂടുതൽ മാർക്ക് നേടിയ ആദ്യത്തെ അഞ്ചു വിദ്യാർത്ഥികൾക്കുമാത്രമെ ഇതിൽ പ്രവേശനമുള്ളു. അഞ്ചുമിനിറ്റിൽ അഞ്ചു മാർക്കുവീതമുള്ള അഞ്ചു ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. ചോദ്യങ്ങൾ കൈമാറുന്നതല്ല. മൈനസ് മാർക്കില്ല.

IV **പൊതു നിർദ്ദേശങ്ങൾ**

1. 6,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ ജൂനിയർ വിഭാഗത്തിലും 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ സീനിയർ വിഭാഗത്തിലും പെടുന്നതാണ് രണ്ടു വിഭാഗങ്ങൾക്കും മത്സരം വെവ്വേറെ ആയിരിക്കും.
2. എ വിഭാഗം ചോദ്യങ്ങൾക്ക് കടലാസ്സിൽ ഉത്തരം എഴുതണം. ശരിയുത്തരം അപ്പപ്പോൾ പ്രഖ്യാപിക്കുന്നതും അതനുസരിച്ച് മാർക്ക് കൂട്ടിയിടുന്നതുമാണ്. ബി വിഭാഗം ചോദ്യങ്ങൾക്ക് വാക്കാൽ ഉത്തരം നൽകണം.
3. ബി വിഭാഗത്തിന് കിട്ടിയ മാർക്ക് എ വിഭാഗത്തോട് ചേർത്താണ് അന്തിമ സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 1001 രൂപ വീതവും രണ്ടാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 501 രൂപ വീതവും

സമ്മാനം നൽകുന്നതാണ്. ഏതെങ്കിലും വിഭാഗത്തിൽ മത്സരിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനാർഹമായ പോയന്റ് നില തുല്യമായാൽ പ്രത്യേക ചോദ്യങ്ങളിലൂടെ വിജയിയെ കണ്ടെത്തുന്നതാണ്. 40% ത്തിൽ താഴെ മാർക്ക് ലഭിക്കുന്നവർ സമ്മാനത്തിന് അർഹരല്ല.

4. ചോദ്യങ്ങൾ ലളിതമായ സംസ്കൃതഭാഷയിലായിരിക്കും. ആവശ്യമുള്ളിടത്ത് വിശദീകരണം നൽകുന്നതാണ്. സംസ്കൃതഭാഷയിൽ ദേവനാഗരിലിപിയിൽ ഉത്തരമെഴുതണം. വാചികപ്രശ്നങ്ങൾക്കും മാദ്ധ്യമം സംസ്കൃതമായിരിക്കും.

5. ഈ പ്രശ്നോത്തരിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കോളേജ് കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

6. പ്രശ്നോത്തരിക്കും പദ്യോച്ചാരണത്തിനും വെവ്വേറെ അപേക്ഷകൾ നല്കേണ്ടതാണ്.